"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

നികുതി വകുപ്പ് - രജിസ്ട്രേഷൻ - പാറശാല സബ് രജിസ്ട്രാരായിരുന്ന ശ്രീമതി.കുമാരി.ആർ.കെ.ബീനയ്ക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നികുതി (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.524/2024/TAXES തീയതി,തിരുവനന്തപുരം, 13-06-2024

---

പരാമർശം:-
1. ശ്രീ.തങ്കച്ചൻ ഈശോയുടെ 10/11/2017-ലെ പരാതി.
2. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 24/01/2019-ലെ ഐജിആർ/2895/2018-ഇ7 നമ്പർ കത്ത്.
3. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 15/02/2024-ലെ ഐജിആർ/5621/2023-ഇ7 നമ്പർ കത്ത്
4. ശ്രീമതി.കുമാരി.ആർ.കെ.ബീനയ്ക്ക് നൽകിയ ഇ1/72/2018-നികുതി നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
5. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 07/05/2024-ലെ ഐജിആർ/5621/2023-ഇ7 നമ്പർ കത്ത്

ഉത്തരവ്

02/09/2017-ന് പാറശ്ശാല സബ് രജിസ്ട്രാർ ഓഫീസിൽ നടന്ന സനോഫർ, നീനു റ്റി വർഗ്ഗീസ് എന്നിവരുടെ സ്പെഷ്യൽ മാര്യേജുമായി ബന്ധപ്പെട്ട് സബ് രജിസ്ട്രാറായിരുന്ന ശ്രീമതി. കുമാരി.ആർ.കെ.ബീനയ്ക്കെതിരെ പരാമർശം (1) പ്രകാരം ശ്രീ. തങ്കച്ചൻ ഈശോ വിജിലൻസിന് സമർപ്പിച്ച പരാതിയിന്മേലുള്ള റിപ്പോർട്ട് പരാമർശം (2) പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ലഭ്യമാക്കുകയുണ്ടായി. 02/09/2017-ന് പാറശ്ശാല സബ് രജിസ്ട്രാർ ഓഫീസിൽ നടന്ന സനോഫർ, നീനു റ്റി വർഗ്ഗീസ് എന്നിവരുടെ സ്പെഷ്യൽ മാര്യേജ് രജിസ്ട്രേഷനിൽ (29/2017) ആൾമാറാട്ടം നടന്നുവെന്നും Prevention of Corruption Act Section 7, Section 13(1) a & d പ്രകാരം സബ് രജിസ്ട്രാർ കുറ്റം ചെയ്തിട്ടുണ്ടെന്നും, സെക്ഷൻ 13(2) പ്രകാരം ടിയാൾ ശിക്ഷാർഹയാണെന്നുമുള്ള പരാതിയിൽ ദക്ഷിണമേഖല രജിസ്ട്രേഷൻ ഡി. ഐ. ജി. അന്വേഷണം നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും അന്വേഷണ റിപ്പോർട്ടിൽ, ശ്രീ സനോഫർ ബഹു.ഹൈക്കോടതിയിൽ സമർപ്പിച്ച കൗണ്ടർ അഫിഡവിറ്റിൽ (counter affidavit ലെ പാര 12) നിന്നും 02/09/2017-ന് ടിയാൻ ആർമിയിൽ ഡ്യൂട്ടിയിലാണെന്ന് വ്യക്തമാകുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, ആയതിന്റെ അടിസ്ഥാനത്തിലും, പരാതികക്ഷിയുടെ മൊഴി പരിശോധിച്ചതിൽ നിന്നും സബ് രജിസ്ട്രാർ നിയമപരമല്ലാത്ത രീതിയിൽ വിവാഹം രജിസ്റ്റർ ചെയ്തു നൽകിയെന്ന് ബോദ്ധ്യമാകുന്നതായും റിപ്പോർട്ട്

ചെയ്യുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ് രജിസ്ട്രാരായിരുന്ന ശ്രീമതി ആർ.കെ.ബീനയിൽ നിന്നും വിശദീകരണം വാങ്ങി ലഭ്യമാക്കുവാൻ സർക്കാർ ആവശ്യപ്പെടുകയും, തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ തസ്തികയിലിരിക്കെ സേവനത്തിൽ നിന്നും വിരമിച്ച ശ്രീമതി.കുമാരി.ആർ.കെ.ബീനയ്ക്ക് രജിസ്റ്റേഡ് തപാലിൽ കത്ത് നൽകിയെങ്കിലും ടിയാൾ വിശദീകരണം ലഭ്യമാക്കിയിട്ടില്ലെന്ന് പരാമർശം (3) പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

2) ശ്രീമതി.കുമാരി.ആർ.കെ.ബീന വിശദീകരണം ലഭ്യമാക്കിയിട്ടില്ലെന്ന രജിസ്ട്രേഷൻ ഐ.ജിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാൾക്കെതിരെ KSR's Part III ചട്ടം 59(ഡി) പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം (4) പ്രകാരം ടിയാൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുമുണ്ടായി. ആയതിന്, ടിയാൾ ഹൃദ്രോഗത്തിനും, മാനസികരോഗത്തിനുമുള്ള ചികിൽസയിലാണെന്നു കാട്ടി മെഡിക്കൽ സർട്ടിഫിക്കറ്റുകൾ സഹിതം ടിയാളുടെ ഭർത്താവ് സമർപ്പിച്ച 08/04/2024-ലെ അപേക്ഷ പരാമർശം (5) പ്രകാരം തുടർനടപടികൾക്കായി രജിസ്ട്രേഷൻ ഐ.ജി ലഭ്യമാക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീമതി.കുമാരി.ആർ.കെ.ബീനയുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച ടിയാളുടെ ഭർത്താവിന്റെ അപേക്ഷ പരിഗണിച്ച് ടിയാൾക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി മേൽനടപടി കൂടാതെ തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PRAMOD M V

ജോയിന്റ് സെക്രട്ടറി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം.

ശ്രീമതി.കുമാരി.ആർ.കെ.ബീന, ജില്ലാ രജിസ്ട്രാർ (റിട്ട), (രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുഖേന.)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Praneesh M P
Date: 13-06-2024 12:59:47

സെക്ഷൻ ഓഫീസർ